(സി) വരുന്ന സാമ്പത്തികവർഷം (2005-06) പണി ആരംഭിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പണി ആരംഭിച്ചാൽ 18 മാസങ്ങൾക്കുള്ളിൽ പണി പൂർത്തിയാക്കുവാൻ സാധിക്കുന്നതാണ്.

മഞ്ചേരി നിയോജകമണ്ഡലത്തിലെ മാലാംകുളം-ചെറുകുളം റോഡിന് ഭരണാനുമതി

152 [2223] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ മാലാംകുളം-ചെറുകുളം റോഡിന് ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്നത്തേക്ക് പണി തുടങ്ങുമെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ടെണ്ടർ നടപടികൾ പൂർത്തിയായാലുടൻ പണി തുടങ്ങുന്നതാണ്.

തകഴി പാലത്തിന്റെ നിർമ്മാണ പ്രവർത്തനം

153 [2224] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ തകഴി പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) തകഴി പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കി പൊതുജനങ്ങൾക്കായി എന്നത്തേക്ക് തുറന്നുകൊടുക്കുവാൻ കഴിയും എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) തകഴി പാലത്തിന് ആകെ 8 സ്പാനുകൾ ഉള്ളതിൽ 2 എണ്ണത്തിന്റെ പണി പൂർത്തിയായി. A1, P1, P5, P6 ഗർഡർ പൂർത്തിയായി. ഒരു തൂണിന്റെ പണി ഒഴിച്ച് ബാക്കി എല്ലാ തൂണുകളും പൂർത്തീകരിച്ചു. ഇടത്വാ ഭാഗത്തേക്കുള്ള അപ്രോച്ച് റോഡിന്റെ ഫില്ലിംഗ് പണി പുരോഗമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly